**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല-പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നതിന് തച്ചമ്പാറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം. 1089/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 10-4-2012

---

<u>പരാമർശം</u> : 1. തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 17-5-2011-ലെ IV (14-A) നമ്പർ തീരുമാനം.
2. തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 25-8-2011 -ലെ VIII (20) നമ്പർ തീരുമാനം
3. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-11-11-ലെ A2-88/2009 നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 16-12-11-ലെ സി2-36605/2011 നമ്പർ കത്ത്.

<u>ഉത്തരവ്</u>

തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തച്ചമ്പാറ വില്ലേജ് സർവേ നമ്പർ 41/1 A -ൽപ്പെട്ട ഒരേക്കർ സ്ഥലത്തുനിന്നും 30 (മുപ്പത്) സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തി പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന് വിട്ടു നൽകുന്നതിന് പരാമർശം (1), (2) പ്രകാരം തീരുമാനിക്കുകയും പരാമർശം (3) പ്രകാരം അനുമതിയ്ക്കായി സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തച്ചമ്പാറ വില്ലേജ് സർവേ നമ്പർ 41/1 A -ൽപ്പെട്ട ഒരേക്കർ സ്ഥലത്തുനിന്നും 30 (മുപ്പത്) സെന്റ് സ്ഥലം അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ തന്നെ നിലനിർത്തി പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന് വിട്ടു നൽകുന്നതിന് തച്ചമ്പാറ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, കേരളം, തിരുവനന്തപുരം
സെക്രട്ടറി, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്, പാലക്കാട് 678593
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.